**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1722** **19-01-2021 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലം- ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | **Dr.K.T.Jaleel**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് പയ്യന്നൂർ മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പെരിങ്ങോം സർക്കാർ ആർട്സ് & സയൻസ് കോളേജിൽ മതിൽ, ക്യാമ്പസിനുള്ളിലെ റോഡ്,താൽക്കാലിക ക്ലാസ് റൂമുകൾ, ഓഡിറ്റോറിയം തുടങ്ങിയവയുടെ നിർമ്മാണം നടത്തി. പയ്യന്നൂർ മണ്ഡലത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പയ്യന്നൂർ റെസിഡൻഷ്യൽ വനിതാ പോളിടെ ക്ക്നിക്ക് കോളേജ് പ്രവർത്തിച്ചുവരുന്നു. വാർഷിക പ്ലാൻ ബഡ്ജറ്റിൽ വകുപ്പിലെ സർക്കാർ പോളിടെക്ക്നിക്ക് കോളേജു കളുടെ വികസനത്തിനായി അനുവദിച്ചിട്ടുള്ള പദ്ധതികൾ പ്രകാരം സർക്കാർ പോളിടെക്ക്നിക്കുകളുടെ വികസനം, ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ, ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ ടെക്ക്നോളജി, കായിക വിദ്യാഭ്യാസം ശക്തിപ്പെടുത്തലും വികസ നവും, പോളിടെക്ക്നിക്കുകളിൽ ഫിനിഷിംഗ് സ്കൂൾ പ്രോഗ്രാം, പോളിടെക്ക്നിക്കുക ൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ, വിവര സാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുമായുള്ള കണക്ടിവിറ്റി എന്നീ പദ്ധതികൾ ടി സ്ഥാപനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം മുതൽ മേൽപ്പറഞ്ഞ പദ്ധതികളെ ഘടകങ്ങളായി കണക്കാക്കി Umbrella Schemes രൂപീകരിച്ചിട്ടുണ്ട്. പയ്യന്നൂർ വനിതാ പോളിടെക്ക്നിക്കിൽ ഓപ്പൺ എയർ ആഡിറ്റോറിയം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് കം ലൈബ്രറി ബ്ലോക്ക് എന്നിവയുടെ നിർമ്മാണവും നടത്തി. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പയ്യന്നൂർ കേന്ദ്ര ത്തിൽ 2018 ൽ രവീന്ദ്രനാഥ ടാഗോറിന്റെ പേരിൽ ഒരു പഠന കേന്ദ്രം ആരംഭിച്ചിരുന്നു. 2020-21 അധ്യയന വർഷത്തിൽ പുതുതലമുറ കോഴ്സുകളിൽ ഉൾപ്പെടുത്തി കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള ഗവ.കോളേജ് പെരിങ്ങോമിൽ MA English |

| | | | |
|---|---|---|---|
| | | | Language & Literature കോഴ്സ് അനുവദിക്കുകയും ടി കോഴ്സിന് സർവ്വകലാ ശാല അഫിലിയേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാലയുടെ കീഴിലുള്ള നവജ്യോതി കോളേജ്, ചെറുപുഴയിൽ (Un-Aided College) BA Economics (40), M Com Marketing (20), MA English (20) കോഴ്സുകൾക്ക് 2018-19 വർഷത്തിലും ഗുരുദേവ് ആർട്സ് ആന്റ് സയൻസ് കോളേജ്, മാത്തിലിൽ B.Sc Psychology Course-ന് (25) 2020-21 അധ്യയന വർഷത്തിലും അഫിലിയേഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ